**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5755 — 27.10.2011 ൽ മറുപടിക്ക്

**ഭരത് മുരളിക്ക് സ്മാരകം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി.) | |
| (എ) | അന്തരിച്ച സിനിമ-നടനും സംഗീത നാടക അക്കാദമി ചെയർമാനുമായിരുന്ന ഭരത് മുരളിയുടെ സ്മരണാർത്ഥം കുടവട്ടൂരിൽ നിർമ്മിക്കുന്ന മന്ദിരത്തിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് ; | (എ) | സ്മാരക മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി എത്ര തുകയാണ് അനുവദിച്ചിരുന്നത് ; | (ബി) | 19.3.2010 ലെ സ.ഉ. (സാധാ) 176/10/ സിഎഡി നമ്പർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണം ആരുടെ ചുമതലയിലും മേൽനോട്ടത്തിലുമാണ് നടത്തിയിട്ടുള്ളത് ; | (സി) | കേരള സംഗീത നാടക അക്കാദമിയുടെയും വെളിയം ഗ്രാമ പഞ്ചായത്തിന്റെയും മേൽ നോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. |
| (ഡി) | പ്രസ്തുത മന്ദിരം എന്ത് ആവശ്യങ്ങൾ നടത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് ; പ്രസ്തുത പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | (ഡി) | സാമൂഹ്യ പ്രാധാന്യമുള്ള കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിനും ഭരത് മുരളിയുടെ സ്മരണ നിലനിർത്തുന്നതിന് ഉതകുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുക, അദ്ദേഹം സവിശേഷമായ താത്പര്യത്തോടെ പ്രവർത്തിച്ചുപോന്ന നാടൻകലയുടെ അഭ്യുന്നതിയെ ലക്ഷ്യം വച്ചുകൊണ്ട് നാടക സാഹിത്യത്തെ പ്രോത്സാഹിപ്പിക്കൽ, നാടകത്തിന്റെ കലാപരവും സാങ്കേതികവുമായ ഘടകങ്ങളുടെ പരിപോഷണം, നാടകാവബോധം വളർത്തൽ, കൂടാതെ നാടകം, സംഗീതം, ഇതര സുകുമാര കലകൾ എന്നിവയുടെ പരിശീലനം, അവതരണം, സോദാഹരണപ്രഭാഷണങ്ങൾ, ക്യാമ്പുകൾ, സെമിനാർ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഭരത് മുരളി സ്മാരകം വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ